# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 128 | 11.02.2013 ൽ മറുപടിയ്ക്ക് |
| **സ്ത്രീ ശാക്തീകരണം** | |
| ചോദ്യം | ഉത്തരം |
| ശ്രീ. കെ.എൻ.എ. ഖാദർ<br>,, എം. ഉമ്മർ<br>,, കെ.എം. ഷാജി | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) സ്ത്രീ ശാക്തീകരണത്തിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) ഈ സർക്കാർ സ്ത്രീ ശാക്തീകരണത്തിനായി പ്രധാനമായും രണ്ട് പദ്ധതികളുടെ പ്രവർത്തനത്തിനാണ് നടപടികൾ സ്വീകരിച്ചിട്ടുള്ളത്. കോഴിക്കോട് വെള്ളിമാട്കുന്നിൽ സ്ത്രീകളുടെ സമസ്തപുരോഗതിയും ലക്ഷ്യമിട്ട് പ്രവർത്തനമാരംഭിക്കുവാൻ പോകുന്ന 'തന്റേടം ജെൻഡർപാർക്ക്' പദ്ധതിയും, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ തടയുന്നതിനും അവരെ ബോധവൽക്കരിക്കുന്നതിനും വേണ്ടിയുള്ള 'നിർഭയ' പദ്ധതിയും.<br>കൂടാതെ ഈ സർക്കാർ കേന്ദ്ര നിർദ്ദേശപ്രകാരം സ്ത്രീ ശാക്തീകരണത്തിനായി ഒരു സംസ്ഥാന മിഷൻ അതോറിറ്റി (എസ്.എം.എ) രൂപീകരിക്കുകയും കുടുംബശ്രീയെ 'സ്റ്റേറ്റ് റിസോഴ്സ് സെന്റർ ഫോർ വിമൻ' (എസ്.ആർ.സി.ഡബ്ല്യു) ആയി ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |

| | |
|---|---|
| (ബി) വനിതകൾക്ക്, വിവിധ തരത്തിലുള്ള ജെൻഡർ ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) & (സി) നിലവിൽ വനിതകൾക്കായി താഴെപ്പറയുന്ന ജെൻഡർ ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കി വരുന്നുണ്ട്.<br>ഗാർഹികാതിക്രമങ്ങളിൽ നിന്നും വനിതകളെ സംരക്ഷിക്കുന്ന നിയമം -2005 ഫലപ്രദമായി നടത്തിവരുന്നു. . വനിതകൾക്ക് ഈ നിയമത്തിന്റെ പരിരക്ഷ ഉറപ്പാക്കുന്നതിനും അവരെ ഗാർഹികാതിക്രമങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിനും കേരളത്തിലെ എല്ലാ ജില്ലകളിലും ഷെൽട്ടർ ഹോമുകൾ പ്രവർത്തിക്കുന്നുണ്ട്. ഗാർഹികാതിക്രമങ്ങൾക്ക് ഇരയായവർക്ക് സേവനദാതാക്കൾ വഴി സൗജന്യ നിയമസഹായവും വനിതാക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികളായവർക്ക് വിദ്യാഭ്യാസം, വിവാഹം, ചികിത്സ തുടങ്ങിയവയ്ക്കെല്ലാം സഹായവും നൽകിവരുന്നു. വിവാഹിതരായ അന്തേവാസികൾക്ക് സ്വയം തൊഴിലിനായി 25,000/- രൂപ ധനസഹായം നൽകി വരുന്നു. ബിപിഎൽ വിഭാഗത്തിൽപ്പെടുന്ന വനിതകൾ ഗൃഹനാഥരായവരുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതി, മഹിളാമന്ദിരങ്ങളിലെ അന്തേവാസികൾക്ക് കമ്പ്യൂട്ടർ വിദ്യാഭ്യാസ പദ്ധതി, തൊഴിൽ പരിശീലന പദ്ധതി എന്നിവ നടത്തി വരുന്നു. ഇതു കൂടാതെ പുതുതായി നടപ്പിലാക്കേണ്ട പരിപാടികളെ സംബന്ധിച്ച് ആലോചിച്ച് തീരുമാനമെടുക്കുന്നതാണ്. |
| (സി) ആദ്യഘട്ടത്തിൽ ഇതിനായി, ഏതെല്ലാം ജില്ലകളെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ? | |

സെക്ഷൻ ഓഫീസർ